LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വളരെയധികം ഭൂമി ആവശ്യമായതിനാൽ, തീരസേനയ്ക്ക് സ്വന്തമായി എയർ സ്ട്രിപ്പ് തുടങ്ങാൻ പദ്ധതിയില്ല. പകരം നിലവിലെ എല്ലാ വിമാനത്താവളങ്ങളുടെയും പരിസരത്ത് 10 മുതൽ 15 ഏക്കർ വരെ വിസ്തൃതിയിൽ മൂന്നോ നാലോ എയർക്രാഫ്റ്റുകൾക്ക് നിൽക്കാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഹാങ്ങറും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ്' തുടങ്ങുന്നതിന് തീരസേനയ്ക്ക് കേന്ദ്ര പ്രതിരോധ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 2002 മുതൽ പരിമിതമായ രീതിയിൽ തീരസേന വ്യോമനിരീക്ഷണം നടത്തി വരുന്നുണ്ട്. കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിലെ എയർ ഇൻക്ലേവുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.

(ഡി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തോട് ചേർന്ന് 10.02 ഏക്കർ സ്ഥലം തീരസേനയ്ക്ക് നൽകിയിട്ടുണ്ട്. പുറമെ തിരുവനന്തപുരം വിമാനത്താവളത്തോട് ചേർന്ന് 5 ഏക്കർ സ്ഥലം തീരസേന ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഹാങ്ങർ, അറ്റകുറ്റപ്പണികൾക്കായുള്ള ടെക്നിക്കൽ ഏര്യ, ഓഫീസ് സൗകര്യം എന്നിവയ്ക്ക് വേണ്ടിയാണ് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത്.

**പോലീസ് കേസ്സുകളിലെ പുനരന്വേഷണം**

**168 (3678)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലോക്കൽ പോലീസ്, വിജിലൻസ്, ക്രൈംബ്രാഞ്ച് എന്നീ അന്വേഷണ വിഭാഗങ്ങൾ അവസാനിപ്പിച്ച എത്ര കേസ്സുകൾ പിന്നീട് മറ്റ് ഏജൻസികൾ അന്വേഷിച്ച് പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും കേസ്സ് അന്വേഷണം നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ;

(ബി) എത്ര കേസ്സുകൾ അന്വേഷണം നടത്തിയ ഏജൻസികൾ തന്നെ പുനരന്വേഷണം നടത്തി പ്രതികളെ കണ്ടെത്തിയിട്ടുണ്ട്, കേസ്, ഏജൻസി എന്നിവയുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണം ഇനിയും തെളിയിക്കപ്പെടാനുണ്ട് എന്ന് വ്യക്തമാക്കുമോ; കേസ്സുകളുടെ എണ്ണം, അന്വേഷണ ഏജൻസി എന്നിവ ജില്ല തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കൊലപാതകങ്ങളുടെ കണക്കുകൾ**

**169 (3679)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ നടന്ന കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങൾ, വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ, സദാചാര കൊലപാതകങ്ങൾ ഇവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ നടന്ന കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങൾ, വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ, സദാചാര കൊലപാതകങ്ങൾ എന്നിവ ചുവടെ കൊടുത്തിരിക്കുന്നു:

| | |
|---|---|
| കൊലപാതകങ്ങളുടെ എണ്ണം | 1650 |
| രാഷ്ട്രീയ കൊലപാത്കങ്ങളുടെ എണ്ണം | 31 |
| ഗുണ്ടാ/ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങളുടെ എണ്ണം | 9 |
| വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങളുടെ എണ്ണം | 3 |
| സദാചാര കൊലപാതകങ്ങളുടെ എണ്ണം | 2 |

**പോലീസ് ഡ്രൈവർ**

**170 (3680)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എസ്.പി. (മലബാർ സ്പെഷൽ പോലീസ്)-ൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly